## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2088** **20-01-2021 - ൽ മറുപടിയ്ക്ക്**

## പൊതുജനാരോഗ്യ സംവിധാനങ്ങൾ കൂടുതൽ രോഗീസൗഹൃദമാക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. അബ്ദുറഹിമാൻ | | **Smt. K. K .Shailaja Teacher**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | കോവിഡ് പ്രതിരോധകാലത്ത് സംസ്ഥാനത്തെ ആരോഗ്യപ്രവർത്തകർ അഭിനന്ദനാർഹമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചപ്പോഴും രോഗികളോട് അപമര്യാദയായി പെരുമാറുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1) ആംബുലൻസ് ഡ്രൈവർ കോവിഡ് രോഗബാധിതയെ ആംബുലൻസിനുള്ളിൽ വച്ച് പീഡിപ്പിച്ച സംഭവം പത്തനംതിട്ടയിൽ നിന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട് 2) കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ CHC -ലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ക്വാറന്റൈൻ സർട്ടിഫിക്കറ്റ് വാങ്ങാൻ ചെന്ന രോഗിയെ പീഡിപ്പിച്ച സംഭവവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | നമ്മുടെ പൊതുജനാരോഗ്യ സംവിധാനങ്ങൾ കൂടുതൽ രോഗീസൗഹൃദമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | പൊതുജനാരോഗ്യ സംവിധാനങ്ങൾ രോഗീ സൗഹൃദമാക്കുന്നതിന് നടപടി സ്വീകരിച്ചി ട്ടുണ്ട്. വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാ ർക്കും കോവിഡ് ചികിത്സ സംബന്ധമായും, പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെട്ട ത്തുന്നതിനും നിരന്തര പരിശീലനം വിവിധ തലങ്ങളിലായി നടപ്പിലാക്കിയിട്ടുണ്ട്. രോഗി കളോടും അവരുടെ ബന്ധുക്കളോടും നല്ല രീതിയിൽ ആശയവിനിമയം നടത്തുന്ന തിനുള്ള പരിശീലനവും ആശുപത്രിയിലുള്ള ആരോഗ്യ പ്രവർത്തകർക്ക് നൽകിയിട്ടുണ്ട്. ക്വാറന്റൈനിൽ കഴിയുന്നവർക്കും രോഗിക ൾക്കും എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായിട്ടു ണ്ടെങ്കിൽ '1056' ദിശ നമ്പരിൽ വിളിച്ച് വിവരം അറിയിക്കുവാനും, ജില്ലകളിലെ കോൾ സെന്ററിൽ ബന്ധപ്പെട്ട് പ്രശ്നപരി ഹാരം ലഭ്യമാക്കുന്നതിനും ദിശ പങ്ക് വഹിക്കുന്നുണ്ട്. കൂടാതെ ആശുപത്രികളിലും വീട്ടുകളിലും ചികിത്സയിലുള്ള എല്ലാ രോഗിക ളുമായും അവരുടെ ബന്ധുക്കളുമായും നല്ല രീതിയിൽ ആശയവിനിമയം നടത്തുവാനും ഫീൽഡ് വിഭാഗം ജീവനക്കാർക്കും പരിശീ ലനം നൽകിയിട്ടുണ്ട്. മാനസിക സമ്മർദ്ധം അനുഭവപ്പെടുന്നവർക്ക് ജില്ലാ മാനസികാ രോഗ്യ വിഭാഗം ജീവനക്കാർ ടെലഫോൺ മുഖാന്തിരം കൗൺസിലിങ്ങും നൽകി വരുന്നു ണ്ട്. സംസ്ഥാനതലത്തിലും ജില്ലാ തലത്തി ലും കോൾ |

| | | | |
|---|---|---|---|
| | | | സെന്റർ മുഖേനയും, ദിശ കോൾ സെന്റർ വഴിയും സംശയദൂരീകരണവും, ആശയവിനിമയവും നല്ല രീതിയിൽ തന്നെ നടത്തി വരുന്നുണ്ട്. |
| (സി) | ആശുപത്രികൾ കൂടുതൽ രോഗീസൗഹൃദവും മികച്ച പരിചരണം ലഭിക്കുന്നതുമായി മാറ്റിയെടുക്കുന്നതിന് കൂടുതൽ സന്നദ്ധരായവരെ പ്രയോജനപ്പെടുത്തുന്നത് പരിഗണിക്കുമോ; | (സി) | പരിഗണിക്കുന്നുണ്ട്. കോവിഡ് ബ്രിഗേഡ് - നിലവിൽ സേവന സന്നദ്ധരായ ഡോക്ടർമാർ, നേഴ്സുമാർ മറ്റ് പാരാ മെഡിക്കൽ യോഗ്യതയുള്ള ആളുകൾ എന്നിവരെ വോളന്ററിയറായി അവരുടെ വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ജില്ലക ളിൽ കോവിഡ് പ്രതിരോധ പ്രവർത്തന ങ്ങൾക്കായി നിയോഗിക്കുന്നുണ്ട്. കൂടാതെ കോവിഡ് വിമുക്തിസേന എന്ന പേരിൽ കോവിഡ് അസുഖം ഭേദമായവരെയും CFLTC, DCC, CSLTC എന്നിവിടങ്ങളിൽ വോളന്റിയറായി നിയോഗിക്കുന്നുണ്ട്. |
| (ഡി) | കോവിഡ് മഹാമാരി പ്രതിരോധിക്കുന്നതിൽ ഫലപ്രദമായ രീതിയിൽ സഹകരിച്ച സന്നദ്ധപ്രവർത്തകരെ ആദരിക്കുന്നതിനും പരിഗണിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ